## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2003. 14.07.2011-ൽ മറുപടിക്ക്.

### ചരക്ക് ഗതാഗതം ജലമാർഗ്ഗം നടത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. വി.എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ജലഗതാഗത രംഗത്തുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് 24 പുതിയ സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും വാങ്ങുവാനും, കാലപഴക്കംചെന്ന ബോട്ടുകൾക്കു പകരം പുതിയ ബോട്ടുകൾ നല്കുവാനും സാധിച്ചിട്ടുണ്ട്. ഈ കാലയളവിൽ മുടങ്ങി കിടന്ന കൊല്ലം - ആലപ്പുഴ സർവ്വീസ് പുനരാരംഭിയ്ക്കുവാനും സാധിച്ചിട്ടുണ്ട്. ബോട്ട് റിപ്പയർ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആധുനിക രീതിയിലുള്ള സ്ലിപ്‌വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുകയും ചെയ്തു. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര ബോട്ടുകൾ പുതുതായി വാങ്ങുന്നതിനും എത്ര പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ; | (ബി) | കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ 24 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും വാങ്ങുന്നതിന് സാധിച്ചിട്ടുണ്ട്. കൊല്ലം - ആലപ്പുഴ, ആലപ്പുഴ -കൊല്ലം ആയി രണ്ടു പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും സാധിച്ചു. |

| | | | |
|---|---|---|---|
| (സി) | ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗമെന്ന നിലയിൽ ചരക്കുഗതാഗതം കഴിയുന്നത്ര ജലമാർഗ്ഗം നടത്തുന്നതിന് ഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ ? | (സി) | ചരക്കുഗതാഗതം വകുപ്പ് മുൻ കാലത്തു നടത്തിയിരുന്നു എങ്കിലും വേഗത്തിൽ ചരക്ക് എത്തിക്കുവാൻ കരഗതാഗതത്തെ കൂടുതൽ പേർ ആശ്രയിച്ചതുകൊണ്ടാണ് വകുപ്പിന്റെ കാർഗോ സർവ്വീസ് നിന്നുപോയത്. ആയതിനാൽ നാഷണൽ വാട്ടർവേ ഉപയോഗപ്പെടുത്തി കൊണ്ട് കാർഗോ സർവ്വീസ് വിജയകരമായി നടത്തുന്നതിന് ശാസ്ത്രീയമായ സാധ്യതാപഠനം NATPAC പോലുള്ള ഏജൻസികൾ മുഖേന നടത്തുന്നതിന് നടപടിസ്വീകരിച്ചു വരുന്നു. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.